LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള അക്കൗണ്ട് സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി

20 [3305] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഒൻപതാം പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക ജില്ലാ ഭൂജല ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് ട്രഷറി നിയന്ത്രണംമൂലം മാറാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള അക്കൗണ്ട് സുഗമമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികൾക്കായി ഭൂജല വകുപ്പ് ജില്ലാ ആഫീസറുടെ പേരിൽ ആലപ്പുഴ ജില്ലാ ട്രഷറിയിൽ നിലവിലുള്ള TP അക്കൗണ്ടിനെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ടി.പി. അക്കൗണ്ടുകൾ നിർത്തലാക്കിയ നടപടി

21 [3306] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ ടി.പി. അക്കൗണ്ടുകൾ നിർത്തലാക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരള ട്രഷറി കോഡിലെ ചട്ടങ്ങൾ പ്രകാരം സാധാരണഗതിയിൽ സർക്കാർ ഉദ്യോഗസ്ഥർ അവരുടെ ഔദ്യോഗിക പദവി ഉപയോഗിച്ച് ടി.പി. അക്കൗണ്ടുകൾ തുറക്കുവാനോ ഓപ്പറേറ്റു ചെയ്യുവാനോ പാടുള്ളതല്ല. എന്നാൽ ചില സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടേയും പ്രത്യേക സാഹചര്യം പരിഗണിച്ച് അടിയന്തിര പദ്ധതികളുടെ നടത്തിപ്പിന് കൂടെക്കൂടെ ബില്ല് എഴുതി ട്രഷറിയിൽനിന്നും പണമെടുക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ടി.പി. അക്കൗണ്ടുകൾ തുറന്ന് പണമിടപാടു നടത്തുവാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ടി.പി. അക്കൗണ്ടിൽ പണം നിക്ഷേപിച്ച് നിർദ്ദിഷ്ട സമയത്തിനുള്ളിൽ ആയത് ചെലവാക്കാതിരിക്കുക, ഉദ്യോഗസ്ഥന്മാർ അവരുടെ സൗകര്യാർത്ഥം പണം ചെലവഴിക്കുക തുടങ്ങിയ ക്രമക്കേടുകൾ വ്യാപകമായതായി സർക്കാരിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 40 (സി) 6 & 7 പ്രകാരം സഞ്ചിത നിധിയിൽനിന്നും തുക ലാപ്സാകാതിരിക്കുവാൻ ആയത് പിൻവലിച്ച് ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ പാടില്ല. ബഡ്ജറ്റിൽ നിശ്ചിത പദ്ധതികൾക്ക് നീക്കിവച്ചിരിക്കുന്ന പണം പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിൻവലിച്ച് ടി.പി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത്

ആ വർഷം തന്നെ ചെലവാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത സംസ്ഥാനത്ത് തുടരുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. സഞ്ചിതനിധിയിൽ നിന്നും പിൻവലിച്ച് ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന തുക ചെലവായതായി ഗവൺമെന്റ് അക്കൗണ്ടിൽ കണക്കാക്കുകയും ഗവൺമെന്റ് അക്കൗണ്ട് സങ്കീർണ്ണമാകുകയും ചെയ്യുന്നു. അങ്ങനെ ഡെപ്പോസിറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക സാമ്പത്തിക നിയന്ത്രണത്തിൽപ്പെടാതെ വഴിമാറ്റി ചെലവഴിക്കുവാൻ ഇടയാകുന്നു. ഇങ്ങനെയുള്ള ക്രമക്കേടുകൾ തടയുന്നതിനും ചെലവഴിക്കപ്പെടാതെ ടി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ സർക്കാർ അക്കൗണ്ടിലേക്ക് തിരികെ കൊണ്ടുവരുന്നതിനും സർക്കാർ അക്കൗണ്ടുകൾ ക്രമപ്പെടുത്തുന്നതിനും വേണ്ടിയാണ് സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ ടി.പി. അക്കൗണ്ടുകൾ നിറുത്തലാക്കിയത്.

ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ ക്രമക്കേട് നടത്തിയ വകുപ്പുകൾ

22 [3307] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ ഏതെല്ലാം വകുപ്പുകളിലാണ് പണം ട്രഷറിയിൽ നിന്ന് പിൻവലിച്ചശേഷം ഒരു മാസക്കാലത്തോളം കൈയിൽ തന്നെ ചെലവാക്കാതെ സൂക്ഷിച്ചിരുന്നതെന്നും എത്ര രൂപയാണ് ഇപ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് സൂക്ഷിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് കൈവശം സൂക്ഷിക്കുന്നത് കുറ്റകരമാണോ;

(സി) എങ്കിൽ ക്രമവിരുദ്ധമായി ട്രഷറിയിൽ നിന്ന് പണം പിൻവലിച്ച് കൈവശം സൂക്ഷിച്ചിരുന്ന ഏതൊക്കെ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ധനകാര്യ വകുപ്പു നടത്തിയ പരിശോധനയിൽ കൃഷി, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, റവന്യൂ, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, മത്സ്യബന്ധനം എന്നീ വകുപ്പുകളിലെ വിവിധ ഓഫീസുകളിൽ ട്രഷറിയിൽ നിന്നു പിൻവലിച്ച പണം മുഴുവൻ ചെലവാക്കാതെ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

ഈ ഓഫീസുകളിലെല്ലാമായി 16.07 കോടി രൂപ ഇപ്രകാരം സൂക്ഷിച്ചിരുന്നതായി കണ്ടെത്തി.

(ബി) ട്രഷറിയിൽ നിന്നും പിൻവലിച്ച പണം സാമ്പത്തിക വർഷം കഴിഞ്ഞിട്ടും കൈയിൽ സൂക്ഷിക്കുന്നത് കുറ്റകരമാണ്.

(സി) താഴെപ്പറയുന്ന ഓഫീസുകളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്. നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly